# കേരള സർവകലാശാല

നം. പി.ആർ.212/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## എൽ.എൽ.ബി പരീക്ഷ

കേരള സർവ്വകലാശാലയുടെ ഒന്നും മൂന്നും സെമസ്റ്റർ (പഞ്ചവത്സരം) (2011 -2012-ന് മുമ്പുള്ള അഡ്മിഷൻ) എൽ.എൽ.ബി പരീക്ഷകൾ യഥാക്രമം 2017 ഒക്ടോബർ 23, നവംബർ രണ്ടിനും ആരംഭിക്കുന്നതാണ്. പിഴകൂടാതെ ഒക്ടോബർ ഏഴ് (50 രൂപ പിഴയോടുകൂടി ഒക്ടോബർ 10, 125 രൂപ പിഴയോടുകൂടി ഒക്ടോബർ 12) വരെയും അപേക്ഷിക്കാവുന്നതാണ്. മേഴ്സിചാൻസ് വിദ്യാർത്ഥികൾ പരീക്ഷാ ഫീസിന് പുറമേ 2000/- രൂപ മേഴ്സിചാൻസ് ഫീസായും 200/-രൂപ സി.വി ക്യാംമ്പ് ഫീസിനത്തിലും അടയ്ക്കേണ്ടതാണ്.

## ഡിപ്ലോമ ഇൻ ജിയോ ഇൻഫർമേഷൻ സയൻസ് ആന്റ് ടെക്നോളജി കോഴ്സ് അപേക്ഷ ക്ഷണിച്ചു

കേരള സർവ്വകലാശാലയുടെ കീഴിലുള്ള ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ജിയോ സ്പേഷ്യൽ ഇൻഫർമേഷൻ സയൻസ് ആന്റ് ടെക്നോളജിയിൽ പി.ജി. ഡിപ്ലോമ ഇൻ ജിയോ ഇൻഫർമേഷൻ സയൻസ് ആന്റ് ടെക്നോളജി കോഴ്സിന് 2017-18 ലേക്കുള്ള അഡ്മിഷന് വേണ്ടിയുള്ള അപേക്ഷ ക്ഷണിക്കുന്നു. യോഗ്യത : ജിയോളജി, ജിയോഗ്രഫി, എൻവയോൺമെന്റ് സയൻസ്, കമ്പ്യൂട്ടർ സയൻസ്, ഫിസിക്സ് ഇവയിൽ ഏതിലെങ്കിലും പി.ജി. അപേക്ഷ സമർപ്പിക്കേണ്ട അവസാനതീയതി ഒക്ടോബർ 31. വിശദവിവരങ്ങൾക്ക് www.cgist.ac.in. ഫോൺ : 04712308214.

## എൽ.എൽ.ബി ഫലം

കേരള സർവ്വകലാശാലയുടെ ഏഴാം സെമസ്റ്റർ (പഞ്ചത്സരം), മൂന്നാം സെമസ്റ്റർ (ത്രിവത്സരം) (2011-12-ന് മുമ്പുള്ള അഡ്മിഷൻ) (കോമൺ ഫോർ മെഴ്സിചാൻസ്) എൽ.എൽ.ബി ഡിഗ്രി പരീക്ഷ (ഏപ്രിൽ 2017) കളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മ പരിശോധയ്ക്കും, പുനർമൂല്യ നിർണ്ണയത്തിനുമുള്ള അനസാന തീയതി ഒക്ടോബർ 27. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭ്യമാണ്.

## എൽ.എൽ.ബി ഫലം

കേരള സർവ്വകലാശാലയുടെ അഞ്ചാം സെമസ്റ്റർ (പഞ്ചവത്സരം) ഒന്നാം സെമസ്റ്റർ (ത്രിവത്സരം) (2011-12-ന് മുമ്പുള്ള അഡ്മിഷൻ) (കോമൺ ഫോർ മെഴ്സിചാൻസ്) എൽ.എൽ.ബി ഡിഗ്രി പരീക്ഷ (ഏപ്രിൽ- മെയ് 2017) കളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മ പരിശോധനയ്ക്കും, പുനർമൂല്യ നിർണ്ണയത്തിനുമുള്ള അവസാന തീയതി ഒക്ടോബർ 27. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭ്യമാണ്.

## ബി.ടെക് ഫലം

കേരള സർവ്വകലാശാല ജനുവരിയിൽ നടത്തിയ കംബയിൻഡ് ഫസ്റ്റ് ആന്റ് സെക്കന്റ് സെമസ്റ്റർ സപ്ലിമെന്ററി, ട്രാൻസിറ്ററി, മേഴ്സിചാൻസ് ബി.ടെക് ഡിഗ്രി എക്സാമിനേഷൻ 2008 സ്കീം പരീക്ഷഫലം 28-09-2017-ൽ പ്രസിദ്ധീകരിച്ചിരിക്കുന്നു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി മാത്രം അപേക്ഷിക്കുക. അപേക്ഷിക്കേണ്ട അവസാന തീയതി 20-10-2017. കരട് മാർക്ക്ലിസ്റ്റ് വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭ്യമാണ്.

## ബി.എ/ബി.ബി.എ/ബി.എ അഫ്സൽ ഉൽ ഉലമ/ബി.കോം അഡീഷണൽ ഇലക്ടീവ് കോ-ഓപ്പറേഷൻ 2018-2020 (2017-18 അഡ്മിഷൻ) - പ്രൈവറ്റ് രജിസ്ട്രേഷൻ

കേരള സർവ്വകലാശാലയുടെ 2018-2020 വർഷത്തിലെ ബി.എ/ബി.ബി.എ/ബി.എ അഫ്സൽ ഉൽ ഉലമ/ബി.കോം അഡീഷണൽ ഇലക്ടീവ് കോ-ഓപ്പറേഷൻ എന്നീ വാർഷിക കോഴ്സുകൾക്ക് പ്രൈവറ്റ് രജിസ്ട്രേഷന് 04-10 -2017 മുതൽ അപേക്ഷിക്കാം. അപേക്ഷകൾ 2017 നവംബർ നാല് വരെ പിഴ കൂടാതെ സ്വീകരിക്കും. വിജ്ഞാപനത്തിന്റെ വിശദവിവരങ്ങൾ (www.keralauniversity.ac.in) വെബ്സൈറ്റിൽ ഒക്ടോബർ നാല് മുതൽ ലഭിക്കും.

## എൽ.എൽ. എം. ഫലം

കേരള സർവ്വകലാശാല 2017 ജൂലൈയിൽ നടത്തിയ എൽ.എൽ.എം. 2016-2017 ബാച്ച് (സി.എസ്.എസ്) പരീക്ഷഫലം പ്രസിദ്ധീകരിച്ചു. സ്വേതാ ശശികുമാർ (രജി.നം. 83316637018) ഒന്നാം റാങ്ക് കരസ്ഥമാക്കി.

## സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സ്

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിൽ നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. ചേരാനാഗ്രഹിക്കുന്നവർ ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിലെ സി.എ.സി.ഇ.ഇ ഓഫീസുമായി ബന്ധപ്പെടുക. കോഴ്സ് കാലാവധി ആറ് മാസം. യോഗ്യത പ്ലസ്ടു ജയിച്ചിരിക്കണം. ക്ലാസ്സുകൾ ശനി, ഞായർ ദിവസങ്ങളിൽ മാത്രം. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഒക്ടോബർ ഒൻമ്പത്. അപേക്ഷ ഫീസ് 110 രൂപ. അപേക്ഷകൾ ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിലെ സി.എ.സി.ഇ.ഇ ഓഫീസിൽ നിന്നും ശനി, ഞായർ ദിവസങ്ങളിൽ ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 8129418236, 9495476495.

## എം.സി.എ പ്രോജക്ട് വൈവ പരീക്ഷ

കേരള സർവകലാശാലയുടെ ആറാം സെമസ്റ്റർ എം.സി.എ പ്രോജക്ട് വൈവ പരീക്ഷ (2011 സ്കീം റഗുലർ & സപ്ലിമെന്ററി) സെപ്റ്റംബർ 2017 ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭ്യമാണ്.

## കേരള സർവകലാശാല ഒന്നാം വർഷ പി.ജി. പ്രവേശനം, 2017-
## ഓൺലൈൻ അപേക്ഷയിൽ തിരുത്തലിന് അവസരം

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് & സയൻസ് കോളേജുകളിലും (ഗവ./എയ്ഡഡ്/സ്വാശ്രയ/ഐ.എച്ച്.ആർ.ഡി.) യു.ഐ.ടി.കളിലും ബിരുദാനന്തരബിരുദ(പി.ജി.) പ്രവേശനത്തിന് അപേക്ഷിച്ചിട്ടുള്ള (http://admissions.keralauniversity.ac.in) വിദ്യാർത്ഥികൾക്ക് ഓൺലൈൻ അപേക്ഷയിൽ മാറ്റം (തിരുത്തൽ) വരുത്തുവാൻ അവസരം നൽകുന്നു. സെപ്തംബർ 28-ാം തീയതി വൈകുന്നേരം അഞ്ച് മണി മുതൽ ഒക്ടോബർ മൂന്നാം തീയതി വൈകുന്നേരം 5 മണി വരെ സ്വന്തം ഓൺലൈൻ അപേക്ഷയിൽ മാറ്റങ്ങൾ വരുത്താം. ഓൺലൈൻ അപേക്ഷയിൽ നിലവിൽ നൽകിയിട്ടുള്ള ഓപ്ഷനുകൾ ഒഴികെ മറ്റ് തിരുത്തലുകൾ വരുത്തുന്നതിന് ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്. നിലവിൽ നൽകിയിട്ടുള്ള ഓപ്ഷനുകളിൽ മാറ്റം വരുത്തുവാൻ അനുവാദമില്ല. ഒക്ടോബർ മൂന്ന് വൈകുന്നേരം 5.00 മണിക്ക് ശേഷം ഓൺലൈൻ അപേക്ഷയിൽ യാതൊരു വിധത്തിലുമുള്ള തിരുത്തലുകളും ഒരു കാരണവശാലും അനുവദിക്കുന്നതല്ല. ഓൺലൈൻ അപേക്ഷയിൽ തിരുത്തലുകൾ വരുത്തുന്നതിന് സർവകലാശാലയെ നേരിട്ട് സമീപിക്കേണ്ടതില്ല. സ്വന്തം നിലയ്ക്ക് അനുവദിച്ചിട്ടുള്ള സമയത്തിനുള്ളിൽ തിരുത്തൽ വരുത്തുവാൻ അപേക്ഷകർ ശ്രദ്ധിക്കേണ്ടതാണ്. ഇത്തരത്തിൽ വരുത്തിയ മാറ്റങ്ങൾ എല്ലാം പരിഗണിച്ച് ഒക്ടോബർ നാലാം തീയതി ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധപ്പെടുത്തും. നിലവിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് തിരുത്തലിന് അവസരം ഇല്ല. പ്രവേശനം നേടിക്കഴിഞ്ഞ വിദ്യാർത്ഥികൾ തങ്ങൾക്ക് ലഭിച്ച കോളേജ്, കോഴ്സ് എന്നിവയിൽ തൃപ്തരാണെങ്കിൽ ഹയർ ഓപ്ഷനുകൾ റദ്ദാക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുടർന്നുള്ള അലോട്ട്മെന്റിൽ ഹയർ ഓപ്ഷനിൽ ലഭിച്ച കോളേജും കോഴ്സും നിർബന്ധമായും സ്വീകരിക്കേണ്ടതാണ്. മാറ്റങ്ങൾ (തിരുത്തലുകൾ) വരുത്തിക്കഴിഞ്ഞവർ ഓൺലൈൻ അപേക്ഷയുടെ പുതിയ പ്രിന്റൗട്ട് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതാണ്.

(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

തിരുവനന്തപുരം.
28.09.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**(from mobile) 0471-2115054 and 0471-2115098**